## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 856      08.03.2012-ൽ മറുപടിക്ക്

### മിനിമം വേതനം നടപ്പാക്കാത്ത സ്വകാര്യ ആശുപത്രികൾക്കെതിരെ പ്രോസിക്യൂഷൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ)സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം നൽകണമെന്ന സർക്കാർ ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | 05.05.1999ലെ ജി.ഒ.(എം.എസ്) 57/99/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സ്വകാര്യ ആശുപത്രി ജീവനക്കാരെ പ്രത്യേക ഷെഡ്യൂളിൽ ഉൾപ്പെടുത്തി ഉത്തരവായി. ടി വിഭാഗം ജീവനക്കാരെ മിനിമം വേജസ് ഷെഡ്യൂളിൽ ഉൾപ്പെടുത്തി 2000-ത്തിലും 2009 ലും മിനിമം വേജസ് നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| (ബി)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജീവനക്കാർക്ക് മിനമിം വേതനം നൽകുന്നുണ്ടോയെന്ന് അറിയാൻ എത്ര സ്വകാര്യ ആശുപത്രികളിലാണ് പരിശോധന നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) | 12/12/2011 മുതൽ കേരളത്തിലെ പ്രൈവറ്റ് ഹോസ്പിറ്റലുകളിൽ അതാത് ജില്ലാ ലേബർ ഓഫീസർ മുഖേന സ്ക്വാഡ് പരിശോധന നടത്തി വരുന്നുണ്ട്. 10/02/2012 വരെ 715 ഹോസ്പിറ്റലുകളിൽ പരിശോധന നടത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി)മിനിമം വേതനം നൽകാത്ത ആശുപത്രികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) & (ഡി) | മിനിമം വേതനം നൽകാത്ത ആശുപത്രികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ എടുക്കുന്നതിൽനിന്നും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിലക്കിയിരിക്കുകയാണ്. |
| (ഡി)ഇതിനകം എത്ര സ്വകാര്യ ആശുപത്രി മാനേജ്മെൻറുകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.